# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3489.** **14.10.2011 - ൽ മറുപടിക്ക്**

## കോമളപുരം സ്പിന്നിംഗ് മിൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. എ. മാധവൻ. | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിലെ പൊതുമേഖലാ സ്ഥാപനമായ കോമളപുരം സ്പിന്നിംഗ് മിൽ മുൻ സർക്കാരിന്റെ കാലയളവിൽ വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുവാൻ തീരുമാനിച്ചിരുന്നോ; | (എ) | തീരുമാനിച്ചിരുന്നു. |
| (ബി) | എങ്കിൽ എന്നു മുതലാണ് വീണ്ടും തുറന്ന് പ്രവർത്തനം ആരംഭിച്ചതെന്ന് അറിയിക്കുമോ; | (ബി) | പുനരുദ്ധാരണം കഴിഞ്ഞ് മില്ലിന്റെ ഉദ്ഘാടനം 2011 ഫെബ്രുവരി 15 ന് നടത്തി. |
| (സി) | പൂട്ടിക്കിടന്ന പ്രസ്തുത സ്ഥാപനം തുറന്ന് പ്രവർത്തിപ്പിച്ചപ്പോൾ വൈദ്യുതി വിതരണം പുനഃസ്ഥാപിച്ചിരുന്നോ: | (സി) | ഇല്ല. |
| (ഡി) | ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ഡി) | കേരളാ സ്പിന്നേഴ്സിന്റെ പഴയ മാനേജ്മെന്റായ ഉത്തം ഗ്രൂപ്പ് വൈദ്യുത കുടിശ്ശിക ഇനത്തിൽ 1,39,13,738 രൂപ വൈദ്യുതി ബോർഡിന് നൽകാനുണ്ടായിരുന്നതിനാൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. |

(ഇ) വൈദ്യുതി കണക്ഷൻ പുനസ്ഥാപിക്കാതെ പ്രസ്തുത സ്ഥാപനം തുറന്നു പ്രവർത്തിച്ച തെങ്ങനെയെന്നും ആയതിന്റെ കാരണവും വ്യക്തമാക്കാമോ?

(ഇ) വൈദ്യുതി കണക്ഷൻ ലഭിക്കാത്ത തിനാൽ ജനറേറ്റർ പ്രവർത്തിപ്പിച്ചാണ് മെഷിനറികളുടെ ട്രയൽ റൺ നടത്തിയത്.

**സെക്ഷൻ ഓഫീസർ**